**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5493** **13-08-2021 - ൽ മറുപടിയ്ക്ക്**

**പരിവർത്തിതരായ മുസ്ലീം വിഭാഗങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങളിൽ നിന്നും പരിവർത്തിതരായ ക്രൈസ്തവർക്ക് നൽകുന്ന ആനുകൂല്യങ്ങൾ, ഇതേ വിഭാഗത്തിൽ നിന്നും പരിവർത്തിതരായ മുസ്ലീം വിഭാഗങ്ങൾക്കും ലഭിക്കാൻ അർഹതയുണ്ടോയെന്ന വിശദാംശം ലഭ്യമാക്കാമോ; | (എ) | പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും ഏത് മത വിഭാഗങ്ങളിലേക്ക് പരിവർത്തനം ചെയ്താലും നിലവിൽ ലഭിച്ചു കൊണ്ടിരുന്ന ആനുകൂല്യം തുടർന്നും ലഭിക്കുന്നതാണ്. പട്ടികജാതി വിഭാഗത്തിൽ നിന്നും പരിവർത്തിതരായവർക്ക് പട്ടികജാതിക്ക് സാധാരണ ഗതിയിൽ അനുവദനീയമായ വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്. |
| (ബി) | പട്ടികജാതി വിഭാഗങ്ങളിൽ നിന്നും ക്രൈസ്തവരായി മതം മാറിയവർക്ക് മാത്രമാണ് ഇപ്പോൾ ആനുകൂല്യം ലഭിക്കുന്നത് എന്നിരിക്കെ അത് കാലോചിതമായി പരിഷ്കരിച്ച് മുസ്ലീം വിഭാഗത്തിലേക്ക് പരിവർത്തനം ചെയ്തവർക്ക് കൂടി നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; | (ബി) | പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും ഏത് മത വിഭാഗങ്ങളിലേക്ക് പരിവർത്തനം ചെയ്താലും നിലവിൽ ലഭിച്ചു കൊണ്ടിരുന്ന ആനുകൂല്യം തുടർന്നും ലഭിക്കുന്നതാണ്. പട്ടികജാതി വിഭാഗത്തിൽ നിന്നും പരിവർത്തിതരായവർക്ക് പട്ടികജാതിക്ക് സാധാരണ ഗതിയിൽ അനുവദനീയമായ വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്. |
| (സി) | മുസ്ലീം വിഭാഗത്തിലേക്ക് പരിവർത്തനം ചെയ്തവർക്ക് നിലവിൽ എന്തൊക്കെ ആനുകൂല്യങ്ങൾ ആണ് നൽകി വരുന്നത്; വിശദമാക്കാമോ? | (സി) | മുസ്ലീം വിഭാഗങ്ങൾക്ക് നിലവിൽ ലഭിക്കുന്ന ആനുകൂല്യം പരിവർത്തിതരായ മുസ്ലീം വിഭാഗങ്ങൾക്കും ലഭിക്കും. അല്ലാതെ ടി വിഭാഗങ്ങൾക്ക് പ്രത്യേകമായി യാതൊരു ആനുകൂല്യവും നൽകുന്നില്ല. |

സെക്ഷൻ ഓഫീസർ